വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണം

317 (1743) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതി നിർവ്വഹണത്തിന് സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നഗരങ്ങളിലെ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. മാലിന്യങ്ങൾ അവ ഉൽപാദിപ്പിക്കുന്നിടത്തുതന്നെ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുക വഴി പൊതു മാലിന്യ സംസ്കരണ കേന്ദ്രങ്ങളിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് ഒരു പരിധി വരെ കുറയ്ക്കുവാനായി സാധിച്ചിട്ടുണ്ട്. മാത്രവുമല്ല മാലിന്യം ഉൽപാദിപ്പിക്കുന്നവർ തന്നെ അവ നിർമ്മാർജ്ജനം ചെയ്യണം എന്ന അവബോധം ഇതുവഴി ജനങ്ങളിൽ വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ട്. ഉയർന്ന തരത്തിലുള്ള സർക്കാർ സബ്സിഡി നൽകി ഇക്കാര്യം പ്രോത്സാഹിപ്പിച്ച് വരുന്നുമുണ്ട്. മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ അടിഞ്ഞു കൂടാതെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ടി പദ്ധതി വഴി ലക്ഷ്യമിടുന്നു.

(ബി) സർക്കാർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ എന്നിവർ സഹകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

(സി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ ശുചിത്വ മിഷൻ പരിശോധിച്ച് ആയതിന് സാങ്കേതികാനുമതിയും സർക്കാർ അർഹമായ സാമ്പത്തിക സഹായവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly